# ടീച്ചിങ് മാന്വൽ

ക്ലാസ് : 3

വിഷയം: ഗണിതം

യൂണിറ്റ് : സംഖ്യകൾ കൂട്ടുകാർ

## പഠനലക്ഷ്യം

1000 വരെയുള്ള മൂന്നക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രശ്ന പരിഹരണം നടത്തുന്നതിൽ ആനന്ദിക്കുന്നു.

## ആശയങ്ങൾ/ ധാരണകൾ

→ പത്ത് 100 കൾ ചേർന്നാൽ ആയിരം

→ 1000-നെ രണ്ട് മൂന്നക്ക സംഖ്യകളുടെ തുകയായി എഴുതാം.

## ശേഷികൾ/ നൈപുണികൾ

* ആയിരത്തിൽ 100 കളുടെ പത്തു കൂട്ടങ്ങൾ ഉണ്ടെന്ന് തിരിച്ചറിയുന്നു.

* 1000-നെ സന്ദർഭാനുസരണം 2/3/4 സംഖ്യകളുടെ കൂട്ടങ്ങൾ ആക്കുന്നു.

## മൂല്യങ്ങൾ/ മനോഭാവങ്ങൾ

അധ്വാനത്തോടുള്ള ആദരവ്.

## പഠന സാമഗ്രികൾ

* കമ്പുകെട്ടുകൾ
* യൂണിറ്റ് സ്ക്വയറുകൾ

## പ്രക്രിയ

## വിലയിരുത്തലുകൾ

### പ്രവർത്തനം 1 (20 മിനിറ്റ്)

**പെൻസിൽ കമ്പനി**

100 എന്ന സംഖ്യ കുട്ടികൾക്ക് പരിചിതമാണ്. ഏറ്റവും ചെറിയ മൂന്നക്ക സംഖ്യയാണ് 100.

[2 നൂറുകൾ ചേർന്നാൽ 200, 3 നൂറുകൾ ചേർന്നാൽ 300, എന്നിങ്ങനെ 10 നൂറുകൾ ചേർന്നാൽ 1000 എന്ന ധാരണ കൈവരിക്കുന്ന പ്രവർത്തനമാണിത്.]

→ അധ്യാപിക കുട്ടികളെ ഗ്രൂപ്പ് ആക്കുന്നു.

→ ശേഷം അധ്യാപിക 100 എണ്ണം വീതമുള്ള ഈർക്കിൽ കെട്ട്. ഓരോ കുട്ടി ഗ്രൂപ്പുകൾക്കും നൽകുന്നു.

→ ഓരോ നൂറ് എണ്ണം വീതമുള്ള ഈർക്കിൽ കെട്ടുകളെയും 10 വീതം എണ്ണമുള്ള കൂട്ടങ്ങളാക്കാൻ ആവശ്യപ്പെടുന്നു.

Scanned with OKEN Scanner

→ അധ്യാപിക ഓരോ ഈർക്കിലുകളേയും പെൻസിലുകളായി സങ്കല്പിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് കുട്ടികളോട് ചില ചോദ്യങ്ങൾ ചോദിക്കുന്നു.

" നിങ്ങളുടെ കൈവശമുള്ള 100 ഈർക്കിൽ കമ്പുകളെ 10 വീതം കെട്ടുകളാക്കി. ഇപ്പോൾ നിങ്ങൾക്ക് എത്ര വീതം കെട്ടുകൾ ലഭിച്ചു"

→ 100 വീതം എണ്ണം വീതമുള്ള ഈർക്കിൽ കെട്ടുകളെ ~~പത്ത്~~ 10 വീതം ~~എത്ര~~ കെട്ടുകളാക്കിയപ്പോൾ ~~ആകെ~~ എത്ര കെട്ടുകൾ ലഭിച്ചു എന്ന് കുട്ടികളെ കൊണ്ട് തന്നെ കണ്ടെത്തി പറയിക്കുന്നു.

→ ലഭ്യമായ 10-ന്റെ കെട്ടുകളെ ഓരോ പാക്കറ്റിൽ നിക്ഷേപിക്കാൻ ആവശ്യപ്പെടുന്നു.

→ ഒരു പാക്കറ്റിൽ എത്ര പത്തിന്റെ കെട്ടുകൾ വയ്ക്കാമെന്ന് കുട്ടികളെ കൊണ്ട് കണ്ടെത്തി പറയിക്കുന്നു.

→ ഓരോ ഗ്രൂപ്പുകാരെയും മുന്നോട്ട് വിളിച്ച്. 10 ഗ്രൂപ്പുകളിലേയും പാക്കറ്റുകളിൽ ലഭ്യമായ എണ്ണം ഈർക്കിലുകൾ കെട്ടുകൾ ക്രമമായി കൂട്ടിചേർത്ത് 1000 എന്ന ~~സം~~ എണ്ണത്തിലേക്ക് എത്തുന്നു.

→ ഈ പ്രവർത്തനം വഴി

2 നൂറുകൾ ചേർന്നാൽ 200

3 നൂറുകൾ ചേർന്നാൽ 300

. . . . . . . . .

. . . . . . . . .

എന്നിങ്ങനെ 10 നൂറുകൾ ചേർന്നാൽ 1000 എന്ന ധാരണ കുട്ടി കൈവരിക്കുന്നു.

Scanned with OKEN Scanner

## തുടർപ്രവർത്തനം

പാറ്റേൺ പൂർത്തിയാക്കുക
[വർക്ക് ഷീറ്റ്]

1, 5, 10, 15 . . . . .

2, 10, 20, 30 . . . .

3, 20, 40, 60 . . . . .

4, 100, 200, . . . . .

ഇത്തരം പാറ്റേണുകൾ
കണ്ടെത്തി എഴുതുക.

ഭിന്നശേഷി
* പിന്നോക്കക്കാർക്ക്

